നം. ബി 2 -5396/2007

ഡെപ്യൂട്ടി കമ്മീഷണറുടെ കാര്യാലയം,
സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ്,
ടാക്സ്ടവേഴ്സ്, കരമന, തിരുവനന്തപുരം
tvmdc.ctd@kerala.gov.in
Ph:0471-2785026
തീയതി-16.05.2019

## ജില്ലാതല ജി.എസ്.റ്റി ഫെസിലിറ്റേഷൻ കമ്മിറ്റി മെയ് 2019

2019 മെയ് മാസത്തെ ജില്ലാതല ജി.എസ്.റ്റി ഫെസിലിറ്റേഷൻ കമ്മിറ്റിയോഗം മെയ്8 ബുധനാഴ്ച ഉച്ച കഴിഞ്ഞ് 3.00 മണിക്ക് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ഡെപ്യൂട്ടി കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ ഡെപ്യൂട്ടി കമ്മീഷണറുടെ കാര്യാലയത്തിൽ ചേർന്നു. യോഗത്തിൽ താഴെ പറയുന്ന വകുപ്പ് പ്രതിനിധികൾ, വ്യാപാരി പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

**പങ്കെടുത്ത വകുപ്പ് പ്രതിനിധികൾ**

1. ശ്രീ. ഷാഹുൽ ഹമീദ്, അസിസ്റ്റന്റ് കമ്മീഷണർ, ഐ.റ്റി.എം.സി.
2. ശ്രീ. വി, ശൈലേന്ദ്രൻ, അസിസ്റ്റന്റ് കമ്മീഷണർ (ഇന്റലിജൻസ്), തിരുവനന്തപുരം
3. ശ്രീ. എസ്. ഷൈൻ അസിസ്റ്റന്റ് കമ്മീഷണർ, തിരുവനന്തപുരം.
4. ശ്രീ. എസ്.സാബു കുമാർ, അസിസ്റ്റന്റ് കമ്മീഷണർ, സ്പെഷ്യൽ സർക്കിൾ
5. ശ്രീ. ബി മനു, അസിസ്റ്റന്റ് കമ്മീഷണർ, സ്പെഷ്യൽ സർക്കിൾ
6. ശ്രീ. സജിത്ത് പി.എസ്, അസിസ്റ്റന്റ് കമ്മീഷണർ, സ്പെഷ്യൽ സർക്കിൾ

**പങ്കെടുത്ത വ്യാപാരി പ്രതിനിധികൾ**

1. ശ്രീ .വൈ വിജയൻ - കെ.വി.വി.ഇ.എസ്
2. ശ്രീ. അനിൽകുമാർ.എസ് - കെ.എസ് .എസ്,ഐ.എ
3. ശ്രീ. രാമകൃഷ്ണൻ ടി.എസ് - ടി.സി.സി.ഐ
4. ശ്രീ. ജി.എസ്. സുധീർ - എ.കെ.ഡി.എ

യോഗ നടപടി ക്രമങ്ങൾ 3 മണിക്കു തന്നെ ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്ത വ്യാപാരി പ്രതിനിധികളേയും വകുപ്പധികാരികളേയും **ഡെപ്യൂട്ടി കമ്മീഷണർ** സ്വാഗതം ചെയ്തു. കഴിഞ്ഞ യോഗത്തിൽ സ്വീകരിച്ച നടപടികൾ ഡെപ്യൂട്ടി കമ്മീഷണർ വ്യക്തമാക്കി കൊടുക്കുകയുണ്ടായി. യോഗത്തിൽ പ്രതിനിധികൾ ചർച്ച ചെയ്തതും ഉന്നയിച്ചതുമായ വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

സംസ്ഥാനത്ത് പുതിയതായി നടപ്പിലാക്കിയ ആംനസ്റ്റി സ്കീം 2019-നെ ക്കുറിച്ച് ഡെപ്യൂട്ടി കമ്മീഷണർ വിശദീകരിച്ചു. ആയതിനാൽ Amnesty Scheme opt ചെയ്ത്, പരമാവധി നികുതി

കുടിശ്ശിക എത്രയും പെട്ടെന്ന്  അടച്ച് തീർക്കുവാൻ വ്യാപാരികളോട് ആവശ്യപ്പെട്ടു.  പ്രസ്തുത സ്കീമിൽ penalty യും പലിശയും  പൂർണ്ണമായും ഒഴിവാക്കി, നികുതി കുടിശ്ശിക മാത്രം അടച്ചാൽ മതി.  നികുതി കുടിശ്ശിക അടച്ചു തീർക്കാത്ത കേസുകളിൽ റവന്യൂ റിക്കവറി നടപടികൾ കർശനമാക്കുമെന്നും പറഞ്ഞു.

ജി.എസ്.ടി. രജിസ്ട്രേഷന്റെ സർട്ടിഫിക്കറ്റ് മിക്ക വ്യാപാരികളുടേയും കടകളിൽ പ്രദർശിപ്പിക്കുന്നില്ലെന്ന് പറഞ്ഞപ്പോൾ ടി വിഷയത്തിൽ എത്രയും പെട്ടെന്ന് നടപടി എടുക്കുന്നതാണെന്ന് ഡെപ്യൂട്ടി കമ്മീഷണർ അറയിച്ചു.  സേവന മേഖലയിലെ Compounding Scheme -നെ ക്കുറിച്ച്  ചർച്ച ചെയ്തപ്പോൾ  ടി സ്കീം opt ചെയ്ത ഒരു വ്യാപാരി അടുത്ത വർഷം അയാളുടെ Turnover  50 ലക്ഷത്തിനു മുകളിലായാൽ  Regular Scheme -ലേയ്ക്ക് മാറണമെന്നും വിശദീകരിച്ചു.

1. സംസ്ഥാനത്തിനകത്ത് ചരക്ക് നീക്കത്തിന് ഇ-വേ ബിൽ നിർബന്ധമാണോ?

   അംഗീകൃത വ്യാപാരികൾ തമ്മിൽ സംസ്ഥാനത്തിനകത്ത് നടക്കുന്ന ചരക്ക് നീക്കത്തിന്, കൺസൈൻമെന്റ് വാല്യൂ 50,000/- രൂപയോ, അതിൽ കൂടുതലോആയാൽ ദൂരപരിധിയിൽ യാതൊരിളവും  ഇല്ലാതെ തന്നെ ഇ-വേ ബിൽ എടുക്കേണ്ടതാണ്.  ഒരു ഇൻവോയ്സിന് ഒരു ഇ-വേ ബിൽ  എന്ന രീതിയിലാണ് ഇ-വേ ബിൽ എടുക്കേണ്ടത്.

   ജി.എസ്.ടി രജിസ്ട്രേഷനില്ലാത്ത ഉപഭോക്താക്കൾക്ക് നൽകുന്ന സാധനങ്ങളുടെ ചരക്ക് നീക്കം 25 കി.മീ. ന് ഉള്ളിലാണെങ്കിൽ കൺസൈൻമെന്റ് വാല്യൂ എത്ര തന്നെ ായാലും ഇ-വേ ബിൽ എടുക്കേണ്ടതില്ല.

2. നോട്ടിഫിക്കേഷൻ 2/2019 (Central Tax Rate) dated 07.03.2019 പ്രകാരമുള്ള കോമ്പോസിഷൻ സ്കീമിനു സമാനമായി റിട്ടേൺ ഫയൽ ചെയ്യുന്ന വ്യാപാരികൾക്കുള്ള ഫയലിംഗ് നടപടിക്രമങ്ങൾ വിശദമാക്കാമോ?

   പ്രസ്തുത നോട്ടിഫിക്കേഷന്റെ ആനുകൂല്യം പ്രയോജനപ്പെടുത്തുന്ന വ്യാപാരികൾ ഓരോ ത്രൈമാസത്തിലും സ്വയം നിർണ്ണയിച്ച നികുതി Form GST CMP-08 ൽ തൊട്ടടുത്ത മാസം 18ാം തീയതിയിലോ അതിനു മുൻപോ  ഫയൽ ചെയ്ത് അടയ്ക്കേണ്ടതാണ്.  കൂടാതെ ഒരു സാമ്പത്തിക വർഷം കഴിഞ്ഞുവരുന്ന  ഏപ്രിൽ  30 നോ, അതിനു മുൻപോ  GSTR-4 ൽ ആ സാമ്പത്തിക വർഷത്തെഒരു റിട്ടേൺ കൂടി ഫയൽ ചെയ്യേണ്ടതാണ്.

3. അംഗീകൃത വ്യാപാരികളുടെ സ്ഥാപനങ്ങളിൽ GST രജിസ്ട്രേഷൻ സർട്ടിഫിക്കേറ്റ്,

പ്രദർശിപ്പിക്കേണ്ടതിനെക്കുറിച്ച് വിശദമാക്കാമോ?

GST Rule-18 പ്രകാരം എല്ലാ അംഗീകൃത വ്യാപാരികളും അവരവരുടെ Principal place of Business ലും, Additional place of business ലും ഏറ്റവും പ്രധാനപ്പെട്ട ഭാഗത്ത് GST രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രദർശിപ്പിക്കേണ്ടതാണ്. കൂടാതെ സ്ഥാപനത്തിന്റെ പ്രവേശന കവാടത്തിൽതന്നെ സ്ഥാപിച്ചിട്ടുള്ള Name Board ൽ GST രജിസ്ട്രേഷൻ നമ്പരും വ്യക്തമായി പ്രദർശിപ്പിക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്ന സാഹചര്യത്തിൽ GST നിയമത്തിന്റെ സെക്ഷൻ 125 പ്രകാരമുള്ള പെനാൽട്ടി ചുമത്തപ്പെടാവുന്നതാണ്.

**ഒപ്പ്/-**
**സംസ്ഥാന നികുതി ഡെപ്യൂട്ടി കമ്മീഷണർ**

**പകർപ്പ്:**

കമ്മീഷണർ, സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ്,
അഡീഷണൽ കമ്മീഷണർ, സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ്,
ശ്രീ. ടോംസ് ജോൺ ,സൂപ്രണ്ട്, സി.ജി.എസ്.റ്റി.
ശ്രീ.ഹരീന്ദ്രൻ സൂപ്രണ്ട്. സി.ജി.എസ്.റ്റി.
ശ്രീ. ബി.മനു, അസിസ്റ്റന്റ് കമ്മീഷണർ, സ്പെഷ്യൽ സർക്കിൾ തിരുവനന്തപുരം.
ശ്രീ. വി, ശൈലേന്ദ്രൻ അസിസ്റ്റന്റ് കമ്മീഷണർ (ഇന്റലിജൻസ്), തിരുവനന്തപുരം
ശ്രീ.എസ്.ഷൈൻ, അസിസ്റ്റന്റ് കമ്മീഷണർ, തിരുവനന്തപുരം
ശ്രീമതി ലെന .എസ്, അസിസ്റ്റന്റ് കമ്മീഷണർ, നെയ്യാറ്റിൻകര.
ശ്രീ. എസ്.സാബു കുമാർ, അസിസ്റ്റന്റ് കമ്മീഷണർ, സ്പെഷ്യൽ സർക്കിൾ
ശ്രീ.സജിത്.പി.എസ്, അസിസ്റ്റന്റ് കമ്മീഷണർ,സ്പെഷ്യൽ സർക്കിൾ, തിരുവനന്തപുരം.

| | |
|---|---|
| ശ്രീ.വൈ വിജയൻ | - കെ.വി.വി.ഇ.എസ് |
| ശ്രീ.സദാനന്ദൻ | - ജനറൽമർച്ചൻറ്സ് |
| ശ്രീ പാപ്പനംകോട് രാജപ്പൻ | - കെ.യു.വി.എ.എസ് |
| ശ്രീ. വർഗ്ഗീസ് വി.കെ | - സെക്രട്ടറി- കെ.എസ്.എസ്. ഐ |
| ശ്രീ.മധുസുധനൻ നായർ. ബി. | - എ.കെ.ടി.ഐ |
| ശ്രീ. പരമേശ്വർ. ജെ.ഡി. | |
| ശ്രീ.കൃഷ്ണകുമാർ | - എ.കെ.ഡി.എ |
| ശ്രീ അജിത് .കെ മാർത്താണ്ഡം | - എ.കെ.ഐ.റ്റി ആൻറ് എസ്.റ്റി.പി.എ |
| ശ്രീ. പനങ്ങോട്ടുകോണം വിജയൻ | - വി.വി കോൺഗ്രസ്സ് |
| ശ്രീ വിജയൻ ആശാരി .എസ് | - കെ.റ്റി.പി.എ |
| ശ്രീ ഗണേഷ്.എച്ച് | - കെ.ഇ.റ്റി.എ |
| ശ്രീ. രാമകൃഷ്ണൻ ടി.എസ് | - ടി.സി.സി.ഐ |
| ശ്രീ. രോഹിത് കുമാർ | - എ.കെ.റ്റി.ഐ.എസ്.ഡി.എ |
| ശ്രീ മഹേഷ് തയ്യൂർ | - എ.കെ.ഐ.റ്റി ആൻറ് എസ്.റ്റി.പി.എ |
| ശ്രീ. അശോക്.വി | - വി.വി കോൺഗ്രസ്സ് |
| ശ്രീ. വിനോദ് പി. | - എ.കെ.ടി.ഐ |

| | |
|---|---|
| ശ്രീ. മധു | - കെ.എസ്. എസ്.ഐ.എ. |
| ശ്രീ. വി.അശോക് | - വി.വി കോൺഗ്രസ്സ് |
| ശ്രീ.വി.വിജയൻ ആചാരി | - കെ.റ്റി.പി.എ |
| ശ്രീ എം.ശശിധരൻ നായർ | |
| ശ്രീ. കെ.ജെ.സെബാസ്റ്റ്യൻ | - കെ.സി.ഡി.എ |
| ശ്രീ.സിതാരാമ | - എ.കെ.ജി.എസ്.എം |
| ശ്രീ. പി.ഗണേഷ് | - കെ.ഇ.ടി.എ |
| ശ്രീ. സജി മാത്യു | - സി.ഐ.എ |
| ശ്രീ. ഷിബു ജെയിംസ് | - ആർ.ഡി.എ, |
| ശ്രീ.ജോസ് സക്കറിയ | - കെ.സി.സി.ഐ.എസ്.ആർ |
| ശ്രീ.സായ് പ്രശാന്ത് | |